**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1397** **31-10-2019 ൽ മറുപടിക്ക്**

**പട്ടയവിതരണത്തിന്റെ പുരോഗതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടന്നുവരുന്ന പട്ടയവിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിലായി നാളിതുവരെ 111004 പട്ടയങ്ങളും 222 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെ 45 പട്ടയമേളകൾ നടത്തിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ കൽപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 1.1.1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന പട്ടികവർഗ്ഗക്കാർക്ക് റെക്കോർഡ് ഓഫ് റൈറ്റിന് പകരം പട്ടയം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ആദിവാസികളുടെ വനഭൂമിയിന്മേലുള്ള വ്യക്തിപരമായ അവകാശം സ്ഥാപിച്ചു നൽകുന്നതിനാണ് റെക്കോർഡ് ഓഫ് റൈറ്റ്സ് നൽകുന്നത്. എന്നാൽ 01.01.1977 നു മുമ്പുള്ള വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തലിന്റെ ഭാഗമായി 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ പ്രത്യേക ചട്ടങ്ങളിലെ ചട്ടം 9 (3) പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെ കൂടി നൽകുന്ന ഭൂമിക്ക് പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകണമെന്ന വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടിക്രമവും ആയതിന് എന്തൊക്കെ കടമ്പകളാണ് കടക്കേണ്ടതെന്നും വിശദമാക്കാമോ: | (സി) | 01.01.1977 ന് മുമ്പ് വനഭൂമി കൈയ്യേറി കൈവശം വച്ചു വരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി വനംവകുപ്പുമായി ചേർന്നു നടത്തുന്ന സംയുക്ത പരിശോധനയിൽ വനഭൂമി കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ വെബ്സൈറ്റിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ഓൺലൈനായി പ്രൊപ്പോസൽ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് സംയുക്തപരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ കേസുകൾക്കും 1993-ലെ പ്രത്യേക ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതാണ്. |

| | |
|---|---|
| (ഡി) മുൻസർക്കാരിന്റെ കാലത്ത് നടന്ന പട്ടയവിതരണത്തെ അപേക്ഷിച്ച് ഈ സർക്കാരിന്റെ പട്ടയവിതരണം ബഹുദൂരം മുന്നിലാണോയെന്ന് വ്യക്തമാക്കുമോ? | (ഡി) മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ കേരളം പദ്ധതിയ്ക്ക് അനുവദിച്ച പട്ടയം ഉൾപ്പെടെ ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ നാളിതുവരെ 111004 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**